# മഖ്ബറ വ്യവസായം: ഒരനുബന്ധം



**സ്വദ്റുദ്ദീൻ** വാഴക്കാട് എഴുതിയ 'മഖ്ബറ വ്യവസായം' (ലക്കം 34) മൂഢവിശ്വാസങ്ങളുടെ വ്യാവസായിക ചൂഷണത്തിലേക്ക് വെളിച്ചം വീശുന്നു. വഴികേടിൽനിന്ന് സമൂഹത്തെ യുക്തിയുക്തമായ വിശ്വാസത്തിലേക്കും കർമസരണികളിലേക്കും നയിക്കാൻ ബാധ്യസ്ഥരായ പണ്ഡിതന്മാർ വിശ്വാസജീർണതകൾ ഏറ്റെടുക്കുകയും അവയെ പിന്തുണക്കുകയും ചെയ്യുന്നതാണ് ഈ വൈകൃതങ്ങൾ തഴച്ചുവളരാൻ കാരണം.

13.6.2000-ലെ *ചന്ദ്രിക*യിൽ വന്ന ഒരു വാർത്ത, 'ദർഗ വ്യവസായ'ത്തിന്റെ ഭീകരത അനാവരണം ചെയ്യുന്നതാണ്. ഏർവാടി ദർഗയിൽ അന്വേഷിക്കാൻ ചെന്ന തമിഴ്നാട് മന്ത്രിമാരായിരുന്ന വീരസ്വാമിക്കും റഹ്മാൻ ഖാന്നും ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. മാനസികമായി ഒരു കുഴപ്പവുമില്ലാത്ത ഒട്ടനേകം പേരെ ഇവിടത്തെ 'ചികിത്സാകേന്ദ്രങ്ങളി'ൽ അടച്ചിട്ടതായി സംഘം കണ്ടെത്തി. ബന്ധുക്കളും സ്വന്തക്കാരുമായ ആളുകൾ തന്നെ ശല്യം ഒഴിവാക്കാനും സ്വത്ത് തട്ടിയെടുക്കാനും മറ്റുമായി ആളുകളെ ഇവിടത്തെ സെല്ലുകളിൽ തള്ളുന്നതായി തെളിഞ്ഞു. ഇവിടങ്ങളിലെ അവസ്ഥ അതീവ ദയനീയമാണെന്ന് മന്ത്രിമാർ പത്രസമ്മേളനത്തിൽ വ്യക്തമാക്കുകയുണ്ടായി. അന്ധവിശ്വാസങ്ങൾ ചൂഷണം ചെയ്ത് നടത്തുന്ന ഇത്തരം തട്ടിപ്പുകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്ന് മന്ത്രിമാർ അന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഒന്നും സംഭവിച്ചില്ല. തട്ടിപ്പിന്റെ പീഡനപരമ്പര ഇവിടെ തടസ്സമേതുമില്ലാതെ ഇന്നും തുടരുകയാണ്.

'സ്ത്രീകൾ അന്ധവിശ്വാസത്തിന്റെ തടവറയിൽ' എന്ന ശീർഷകത്തിൽ 'സമസ്ത' പണ്ഡിതനായ സെയ്ത് മുഹമ്മദ് നിസാമി *മഹിളാ ചന്ദ്രിക*യിൽ എഴുതി: "രാശി നോക്കാനും പ്രശ്നം വെക്കാനും സിദ്ധന്മാരുടെ സങ്കേതങ്ങൾ തേടി നടക്കുന്ന മുസ്ലിം സ്ത്രീകളുടെ തിരക്കാണെവിടെയും. ഭാവി, ഭൂതം അറിയാനും ജീവിതസൗഭാഗ്യത്തിനും ശത്രുനാശത്തിനും പിശാചുബാധ ഒഴിപ്പിക്കാനുമാണ് സിദ്ധസങ്കേതത്തിലെത്തുന്നത്. പ്രശ്നം വെക്കുന്നവരെ സമീപിക്കുന്ന ഏതൊരാളുടെയും നാൽപതു നാളത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കുന്നതല്ലെന്ന് പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്." സിദ്ധസങ്കേതങ്ങളെ പരിചയപ്പെടുത്തുന്നതിങ്ങനെ: "ശരീഅത്തിനോട് നീതി പുലർത്താത്ത ഈ സിദ്ധന്മാരുടെ സങ്കേതത്തിൽനിന്നും ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് പുറത്തുവരുന്നത്. ദിക്ർ ഹൽഖകളെന്ന ധ്യാനസദസ്സുകളുടെ മറവിൽ കാര്യങ്ങൾ ഒപ്പിക്കുന്നു. ഇസ്ലാമിലെ ഫർദുകൾക്കൊന്നും ഇവിടെ തീരെ പ്രസക്തിയില്ല. ആണും പെണ്ണും നിയന്ത്രണമില്ലാതെ ഇവിടെ ഒത്തുചേരുന്നു. ചില തീർഥാടന കേന്ദ്രങ്ങളിലേക്ക് രോഗശമനത്തിന് സ്ത്രീകളെ കൊണ്ടുപോവുന്ന ചില സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏർവാടിയും നാഗൂരും മുത്തുപ്പേട്ടയുമാണ് അവരുടെ ലക്ഷ്യം. ആ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് നടക്കുന്ന സാമൂഹികജീർണതകൾ ഇന്ന് രഹസ്യമല്ല. പണവും സ്ത്രീത്വവും നഷ്ടപ്പെടാൻ മാത്രം വിധിക്കപ്പെട്ട ഹതഭാഗ്യകളുടെ കഥയാണ് ഈ തീർഥാടകരിൽനിന്നും കേൾക്കാനിടവരിക. ഇവരിൽ ചിലർ ബീവിയായി നാട്ടിലെത്തി ഏർവാടി ബ്രാഞ്ച് സ്ഥാപിക്കുന്നു. ഇതും പിന്നീട് അന്ധവിശ്വാസകേന്ദ്രമായിത്തീരുന്നു" (1996 ഡിസംബർ 15 - 1997 ജനുവരി 15).

ഒരു വിഭാഗം 'സമസ്ത'യിലെ ചില പണ്ഡിതന്മാരിൽനിന്ന് ഇത്തരം ജീർണതകൾക്കെതിരെ ഒറ്റപ്പെട്ട ശബ്ദംകേൾക്കുന്നുവെങ്കിലും സമൂഹത്തിന്റെ പൊതുമനസ്സാക്ഷിയിൽ ഇതൊന്നും സ്വാധീനം ചെലുത്താതെ പോവുന്നുവെന്നതാണ് ദുഃഖകരം.

**റഹ്മാൻ മധുരക്കുഴി**

## ഒരു ഏർവാടി അനുഭവം

**ഏർവാടി** സന്ദർശിച്ച് അവിടെ നടക്കുന്നതൊക്കെ നേരിൽ കാണണമെന്നാഗ്രഹിച്ചിരുന്നു. ആയിടെ ചില അകന്ന ബന്ധുക്കൾ ഏർവാടിയിലേക്ക് വാഹനമാവശ്യപ്പെട്ടപ്പോൾ ഡ്രൈവറുടെ കുപ്പായമിട്ട് അവരുടെ കൂടെ കൂടി.

നാല് ദിനങ്ങൾ ഏർവാടിയിൽ തങ്ങേണ്ടിവന്നു. ലേഖന(മഖ്ബറ വ്യവസായം)ത്തിൽ പരാമർശിച്ച മുഴുവൻ കാര്യങ്ങളും വസ്തുതകളാണ്. റിപ്പോർട്ട് ചെയ്യേണ്ടതായ പലതും ഇനിയുമുണ്ട്. ഒരുദാഹരണം:

യാത്രാക്ഷീണവും ഭക്ഷണമാറ്റവും കാരണം വയറ്റിൽ അസ്വസ്ഥത തോന്നിയപ്പോൾ കൂട്ടത്തിലൊരാൾ പറഞ്ഞു: 'ഓ, ഇതൊക്കെ നിസ്സാരം. ഹകീം ഡോക്ടറുടെ അടുത്തു പോയാൽ മതിയല്ലോ.' 'ഡോക്ടറെ' കാണാനായി 'ക്ലിനിക്കി'ലേക്ക് നടന്നു.

ചെറിയ ഒരു മുറിക്കുള്ളിലാണ് 'ഡോക്ടർ'. സ്ത്രീകൾ ഉൾപ്പെടെ നീണ്ട ക്യൂ. ഏറെ നേരം ക്യൂവിൽനിന്നു. മുറിയിലേക്ക് പ്രവേശിക്കും മുമ്പ് കൂടെയുള്ള സുഹൃത്ത് പറഞ്ഞു: 'എല്ലാ വിവരവും ശരിക്ക് പറയണം. മറ്റു വല്ല രോഗവുമുണ്ടെങ്കിൽ അതും... തിരിച്ചു പോരുമ്പോൾ മൂലയിലുള്ള ടാങ്കിൽനിന്ന് അൽപം വെള്ളമെടുത്ത് കുടിക്കാൻ മറക്കരുത്.'

തലകുലുക്കി സമ്മതിച്ച് ഡോക്ടറുടെ മുറിയിൽ കടന്നപ്പോൾ ഞെട്ടിത്തരിച്ചുപോയി. മുമ്പിൽ കെട്ടിപ്പൊക്കിയ ഒരു ഖബ്ർ മാത്രം!!

ഇതിനുള്ളിൽ അടക്കം ചെയ്തിട്ടുള്ളയാൾ ഒരു ഡോക്ടറായിരുന്നത്രെ.....

**അബ്ബാസ് മാള**

## ഉറൂസിനെ എതിർത്തവർക്കും ഉറൂസ്!

**അന്ധവിശ്വാസികളുടെ** കണ്ണ് തുറപ്പിക്കേണ്ടതാണ് 'മഖ്ബറ വ്യവസായം'. പടച്ചവന്റെ ശിക്ഷ വരുന്നേടത്തു വെച്ച് കാണാമെന്ന ഭാവത്തിൽ കീശവീർപ്പിക്കുന്ന പുരോഹിതന്മാരും സംഘടനകളും ഉള്ളിടത്തോളം കാലം ഇത്തരം പ്രവണതകൾ നിലനിൽക്കും. ഇതിനെതിരെ നടക്കുന്ന ബോധവൽക്കരണ ശ്രമങ്ങൾ ആസൂത്രണമില്ലായ്മകൊണ്ട് പലപ്പോഴും ഫലപ്രദമാവാറില്ല. ആയതിനാൽ വസ്തുനിഷ്ഠമായ വിലയിരുത്തലുകളും ശക്തമായ ഇടപെടലുകളും ഇക്കാര്യത്തിൽ പ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതുണ്ട്.

ലേഖകൻ സൂചിപ്പിച്ചതുപോലെ കാസർകോട് ജില്ലയിലാണ് ശവകുടീര വ്യവസായം കൂടുതൽ പച്ചപിടിച്ചിരിക്കുന്നതെന്നു തോന്നുന്നു. കുമ്പള മുതൽ ഉപ്പളവരെയുള്ള 12 കിലോ മീറ്ററിനിടയിൽ തീരപ്രദേശങ്ങളിൽ മാത്രം 10 ചരിത്രപ്രസിദ്ധമായ(!) ഉറൂസുകൾ നടന്നുവരുന്നു. ഈ പ്രദേശത്തിന്റെ കിഴക്കു വശത്ത് വേറെയുമുണ്ട്. കടലിലൊഴുകിവന്ന കൈകാലുകൾക്കും റെയിൽപാളത്തിൽ കാൽവെച്ച് കൊടുത്ത മാനസി

കരോഗിക്കും ഉൾപ്പെടെ മേൽവിലാസമില്ലാത്ത പലർക്കും വേണ്ടി ഇവിടെ ഉറൂസുകൾ കെങ്കേമമായി നടക്കുന്നുണ്ട്.

കുമ്പളക്കടുത്ത് കുമ്പോലിൽ അറബി വലിയ്യുല്ലാഹിയുടെ ഉറൂസിന് പോയവരെ ജാത്രക്ക് (ഉത്സവത്തിന്) പോയതാണോ എന്ന് വിമർശിച്ചയാളായിരുന്നു കുമ്പളയിലെയും പരിസരത്തെയും ഖാദിയായിരുന്ന മുഹമ്മദ് മുസ്ലിയാർ. ഉറൂസിനെ എതിർത്തതിന്റെ പേരിൽ കല്ലേറും വീടുകത്തിക്കൽ ഭീഷണിയും നേരിട്ട അദ്ദേഹത്തിന് 2 കിലോമീറ്റർ അകലേക്ക് മാറിത്താമസിക്കേണ്ടിവന്നു. എന്നാൽ, ഇദ്ദേഹം മരിച്ചപ്പോൾ കുമ്പോൽ സ്വദേശികളായ ചില പ്രമുഖരുടെ ഒത്താശയോടെ ഇദ്ദേഹത്തിന്റെ ഖബ്ർ കെട്ടിപ്പൊക്കി. ഖബ്ർപൂജയെ ശക്തമായി എതിർത്ത ഒരു പണ്ഡിതന്റെ ഖബ്ർ തന്നെ കെട്ടിപ്പൊക്കുക! കെട്ടിപ്പൊക്കാൻ മുന്നിട്ടിറങ്ങിയവർ പിന്നീട് പാപ്പരായിപ്പോയത് ഇദ്ദേഹത്തിന്റെ കറാമത്താകാമെന്ന് ചിലർ വിശ്വസിക്കുന്നു. സമസ്തയിലെ ആദ്യകാല പണ്ഡിതനും അതിന്റെ പ്രസിഡന്റുമാരിലൊരാളുമായിരുന്ന അബ്ദുൽ ബാരി മുസ്ലിയാരെപ്പോലുള്ളവർ ഉറൂസുകൾക്കെതിരെ എഴുതിയപ്പോൾ, പണ്ഡിതരെന്നവകാശപ്പെടുന്ന ഇന്നത്തെ പുരോഹിതന്മാർ ഇത്തരം അനാചാരങ്ങൾക്ക് നേതൃത്വം നൽകി ചൂഷണം കൊഴുപ്പിക്കുകയാണ്.

**ബി.എം അബ്ദുല്ല**
**കുമ്പള**

# പുരോഹിത – രാഷ്ട്രീയ കൂട്ടുകെട്ട്

**സ്ത്രീ-പുരുഷന്മാർ** ഇടകലരുന്നത് തടയാനാണ് സ്ത്രീകൾക്ക് പള്ളിപ്രവേശം നിഷേധിക്കുന്നതെന്ന് പറഞ്ഞു നടക്കുന്നവർ തന്നെയാണ് ഉറൂസ് സംഘടിപ്പിച്ച് സ്ത്രീ-പുരുഷന്മാർക്ക് നേർച്ചപ്പറമ്പിൽ തിക്കിത്തിരക്കാനും തഴുകി നടക്കാനും അവസരമൊരുക്കുന്നത്.

കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിനും പുതിയ തെരുവിനുമിടയിൽ നാഷ്നൽ ഹൈവേക്ക് സമീപം സമുദായത്തിന്റെ 'പിടിപ്പുകേട്' മൂലം കൈവിട്ടുപോയ ഒരു ദർഗ കോടതിവിധിയിലൂടെ കൈയടക്കി പണക്കൊയ്ത്ത് നടത്തുന്ന ഹൈന്ദവ സമിതിയെ വേറിട്ടൊരു തമാശ കാഴ്ചയായി കാണാം.

കേരളത്തിൽ ഏറ്റവും കൂടുതൽ ഉറൂസുകൾ നടക്കുന്നത് ഒരുപക്ഷേ കാസർകോട് ജില്ലയിലായിരിക്കും. ഇസ്ലാമിക നവോത്ഥാന സംരംഭങ്ങൾക്ക് ഈ ജില്ലയിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അന്ധവിശ്വാസങ്ങൾ അരക്കിട്ടുറപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന പുരോഹിത-രാഷ്ട്രീയ കൂട്ടുകെട്ടാണ് ഈ പ്രദേശത്തിന്റെ ശാപം.

**സൈനുദ്ദീൻ കരിവെള്ളൂർ**

# 'തിരിച്ചറിവ്'ലെ തിരിച്ചടികൾ

**'വലിച്ചെറിയലിലെ** തിരിച്ചറിവുകൾ' എന്ന മുഹമ്മദ് കുട്ടി പൊന്മുണ്ടത്തിന്റെ കുറിപ്പാണ് ഈ എഴുത്തിന് ആധാരം.

'യൂസ് ആന്റ് ത്രോ' എന്ന അധമ സംസ്കാരം മാനുഷികതയുടെ സകല മൂല്യങ്ങളും ബന്ധങ്ങളും പിഴുതെറിഞ്ഞ മുതലാളിത്തത്തിന്റെ സംഭാവനയാണ്. അതിനാൽ കുറിപ്പുകാരനെപ്പോലെയുള്ളവർ ഇത്തരം വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായം പ്രസിദ്ധീകരണത്തിന് നൽകുന്നതിനുമമ്പ് പലവട്ടം ആലോചിക്കേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഇത്തരം 'തിരിച്ചറിവുകൾ' സമീപഭാവിയിൽ തന്നെ അതിഭീകരമായ തിരിച്ചടികളായി നാം അനുഭവിക്കേണ്ടിവരും.

ഡിസ്പോസബ്ൾ പ്ലാസ്റ്റിക് വേസ്റ്റുകളാൽ ഭൂമി ഞെരിഞ്ഞമരുകയാണ്. ഉപയോഗിച്ച് വലിച്ചെറിയുന്ന ഇവയുടെ ആധിക്യം മണ്ണിനെ നശിപ്പിച്ചു തുടങ്ങിയപ്പോഴാണ് നാം അതിനെതിരെ തിരിയുന്നത്. അപ്പോഴും താൽക്കാലിക സൗകര്യത്തിന്റെയും സാമ്പത്തികമെച്ചത്തിന്റെയും കാര്യം പറഞ്ഞ് ന്യായീകരണത്തിന്റെ വഴികൾ തേടുകയാണോ നമ്മൾ?

നാട്ടിലെ കല്യാണ മാമാങ്കങ്ങളുടെ ഫലമായി ഡിസ്പോസബ്ൾ കൂമ്പാരം സമീപത്തെ റോഡുവക്കിലും 'ഇവിടെ ചവർ ഇടരുത്' എന്ന ബോർഡിന്റെ ചുവട്ടിലും കുമിഞ്ഞുകൂടി നാട്ടാർക്ക് മുഴുവൻ ദുർഗന്ധവും നായകൾക്ക് ആഘോഷവുമാകുന്നത് പതിവുകാഴ്ചയാണ്.

രോഗത്തിന്റെയും അതിശൈത്യത്തിന്റെയും അവസ്ഥയിൽ അല്ലാഹു ഒരുക്കിത്തന്ന സൗകര്യത്തെ വ്യാഖ്യാനിച്ച് ഡിസ്പോസബ്ളിനെ ന്യായീകരിക്കാൻ തെളിവാക്കിയത് ഒട്ടും തന്നെ ആശാസ്യമല്ല.

തീവണ്ടിയിൽ 'അനുഗ്രഹമായി' കണ്ട ഡിസ്പോസബ്ളിനെ ന്യായീകരിക്കാൻ കുറിപ്പുകാരൻ കൂട്ടുപിടിക്കുന്നത് വൃത്തിയെയാണ്. എങ്കിൽ ചോദിക്കട്ടെ, കമ്പനിയിൽ ഉൽപാദിപ്പിച്ച് ഗോഡൗണിൽ സൂക്ഷിച്ച് ലോറിയിലും ട്രെയ്നിലുമായി ലോഡായി എത്തുന്ന ഇവ കഴുകി വൃത്തിയാക്കിയാണോ റെയിൽവേയിലെ ചായക്കച്ചവടക്കാരൻ ചായ വിതരണം ചെയ്യുന്നത്? അതിൽ തീർച്ചയായും കമ്പനിയിൽനിന്നും ചായക്കച്ചവടക്കാരന്റെ കൈകളിലെത്തുന്നതുവരെയുള്ള സകല പൊടിയും അഴുക്കും പ്രൊഡക്ഷൻ വേസ്റ്റും അടങ്ങിയിരിക്കും.

കഴിച്ച പ്ലേറ്റും ഗ്ലാസ്സും കഴുകുന്നത് വെള്ളത്തിന്റെ ദുരുപയോഗത്തിന് സമമല്ലേ എന്നാണ് കുറിപ്പുകാരൻ ചോദിക്കുന്നത്. വൃത്തിയും ശുദ്ധിയും വിശ്വാസത്തിന്റെ അനിവാര്യഘടകമായി പഠിപ്പിച്ച ആദർശത്തിന്റെ വക്താക്കൾക്ക് ഒരിക്കലും അത് ദുരുപയോഗമല്ല, മറിച്ച് പ്രതിഫലാർഹമായ കർമമാണ്. കുറിപ്പുകാരൻ പറഞ്ഞതിനോട് യോജിച്ചാൽ, ശൗച്യാനന്തരം പേപ്പർ ഉപയോഗിക്കുന്ന പാശ്ചാത്യരാണ് വെള്ളം ഒട്ടും ദുരുപയോഗം ചെയ്യാത്തവർ എന്ന് പറയേണ്ടിവരും.

പ്ലേറ്റിന്റെയും മറ്റും വാടക, കഴുകുന്നവരുടെ കൂലി എന്നിവയും മറ്റും നിരത്തി ലാഭനഷ്ടത്തിന്റെ കണക്കു പറയുമ്പോൾ കുറിപ്പുകാരൻ വിസ്മരിച്ച ഒരു കാര്യം ശ്രദ്ധയിൽപെടുത്തട്ടെ.

നാട്ടിലെ വിശേഷങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഹയർ സർവീസുകാരൻ, പണികാത്തുകിടക്കുന്ന പാവപ്പെട്ട സ്ത്രീകൾ ഇവർക്ക് നൽകുന്ന തുഛമായ തുകയിലല്ല 'ഇസ്റാഫ്' കണ്ടെത്തേണ്ടത്. മാമാങ്കങ്ങൾക്കായി തുലക്കുന്ന ലക്ഷങ്ങളിലും പതിനായിരങ്ങളിലുമാണ് അല്ലാഹു കഠിനമായി വെറുത്ത ധൂർത്ത് പതിയിരിക്കുന്നത്.

ഫ്ളക്സ് ബോർഡിന്റെയും ക്യാരി ബാഗിന്റെയും കാര്യവും ഇത്തരത്തിൽ തന്നെ. അവ ഉണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തം അതിഭീകരമാണ്. മുംബൈയിൽ ഈയിടെ ഉണ്ടായ വെള്ളപ്പൊക്കം മഴനിലച്ചിട്ടും ദിവസങ്ങളോളം മാറാതിരുന്നതിൽ മുഖ്യപങ്ക് വഹിച്ചത് ഫ്ളക്സ് ബോർഡുകളും ബാനറുകളുമാണ്.

അതിനാൽ ഫ്ളക്സും ഡിസ്പോസബ്ൾ ഉൽപന്നങ്ങളും ഭൂമിക്ക് ഭാരമാകാതെ, പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാതെ സംസ്കരിക്കാൻ കഴിയുന്നതുവരെയെങ്കിലും കഴിവിന്റെ പരമാവധി അവ ഉപേക്ഷിക്കാൻ വിശ്വാസിസമൂഹമെങ്കിലും തയാറാവുക.

പ്ലാസ്റ്റിക് സാധനങ്ങൾ ഒഴിവാക്കിത്തന്നാൽ കേരളത്തിന്റെ മുഴുവൻ ചവറും സ്വീകരിക്കാൻ തമിഴ്നാട് ചവർസംസ്കരണ ഡിപ്പാർട്ടുമെന്റ് തയാറാണെന്നാണ് ഉത്തരവാദപ്പെട്ടവരിൽനിന്ന് അറിയാൻ സാധിച്ചത്.

**അബൂഹലീമ മണക്കാട്**
**തിരുവനന്തപുരം**